വനിത
ശിശുവികസന
വകുപ്പ്

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: അനുപമ T.V IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ്)**

വിഷയം: വനിത ശിശു വികസന വകുപ്പ് -ICPS -SCPS പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ്ഹോം കളിവീട് തിരുവനന്തപുരം -2020-21 സാമ്പത്തിക വർഷത്തെ ഗ്രാൻറ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. തിരുവനന്തപുരം DCPO-യുടെ കത്ത് നമ്പർ: DCPO/T/A2/1239/21 തീയതി:29.12.2021
2. സർക്കാർ ഉത്തരവ് നമ്പർ GO(Rt)No.90/2022/WCDD തീയതി:26.02.2022

## ഉത്തരവ് നമ്പർ- ICPS-4 (A)/195 /22 തീയതി :16.03.2022

വനിത ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന പ്രവർത്തിക്കുന്ന കേരള മഹിള സമഖ്യ സൊസൈറ്റി എന്ന സംഘടനയുടെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കളിവീട് ഗേൾസ് ഹോം എന്ന സ്ഥാപനത്തിന് 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ഗ്രാൻറിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ അന്വേഷണം നടത്തി സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി ഗ്രാൻറ് തുക ശുപാർശ ചെയ്തു കൊണ്ട് പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കളിവീട് ഗേൾസ് ഹോമിന് 2020-21 സാമ്പത്തിക വർഷത്തെ ഗ്രാൻറ് അനുവദിക്കുന്നതിനായി സർക്കാരിലേക്ക് ശുപാർശ സഹിതം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കളിവീട് ഗേൾസ് ഹോമിന് 2020-21 സാമ്പത്തിക വർഷത്തിലെ ഗ്രാൻറ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന കളിവീട് ഗേൾസ് ഹോമിന്റെ 2020-21 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശുപാർശയുടെയും Chartered Accountant ന്റെ Utilization Certificate ന്റെയും അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ 10,56,938/- രൂപയിൽ നിന്നും 10% NGO വിഹിതമായ 1,05,694/-രൂപ കുറവ് ചെയ്ത് **9,51,244/- രൂപ (ഒൻപത് ലക്ഷത്തി അൻപത്തിഒന്നായിരത്തി ഇരുന്നൂറ്റി നാൽപത്തിനാല് രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | Recurring Item | Amount as per GOI Guidelines | Amount Utilised as per UC | DCPU ശുപാർശ ചെയ്ത തുക | Amount sanctioned |
|---|---|---|---|---|---|
| 1 | Maintenance | 12,00,000 | 9,49,202 | 7,68,000 | 7,68,000 |
| 2 | Water & Electricity | 1,20,000 | 77253 | 77,244 | 77244 |
| 3 | Transportation | 80,000 | 41,593 | 40,644 | 40644 |
| 4 | Miscellaneous | 60,000 | 11,899 | 10,800 | 10,800 |
| 5 | Salary | 14,94,000 | 4,83,765 | 1,60,250 | 1,60,250 |
| | | TOTAL | | | 10,56,938 |
| | Less | 10% NGO Share | | | 1,05,694 |
| | | **Grant Total** | | | **9,51,244** |

ടി തുക **9,51,244/- രൂപ (ഒൻപത് ലക്ഷത്തി അൻപത്തിഒന്നായിരത്തി ഇരുന്നൂറ്റി നാൽപത്തിനാല് രൂപ മാത്രം)** 2235-02-103-58 (P) ശീർഷകത്തിൽ നിന്നും (ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾക്കായുള്ള സർക്കാര് NGO പങ്കാളിത്തം) കേരള മഹിള സമഖ്യ സൊസൈറ്റിയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വഴുതക്കാട് ബ്രാഞ്ചിലുള്ള അക്കൗണ്ട് നമ്പർ 57022786416, IFSC-SBIN0070033 ലേക്ക് ട്രാൻസഫർ ഓഫ് ക്രഡിറ്റ് ചെയ്തു നൽകേണ്ടതാണ്.സ്ഥാപന മേധാവി തുക കൈപ്പറ്റികൊണ്ടുള്ള കൈപ്പറ്റു രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിത-ശിശു വികസന ഡയറക്ടര് &
മെമ്പർ സെക്രട്ടറി,SCPS

ഡയറക്ടർ, കളിവീട് ഗേൾസ് ഹോം

<u>പകർപ്പ്</u>

1. സൂപ്രണ്ട്,എ സെക്ഷൻ
2. സൂപ്രണ്ട്,ബി സെക്ഷൻ
3. DCPO, തിരുവനന്തപുരം
4. ICPS - 4
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്